മാതൃഭൂമി

Mathrubhumi Seed
Student Empowerment for Environmental Development
In Partnership with
Federal Bank
Hormis Memorial Foundation

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ




മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം


MATHRUBHUMI SEED
DIGITAL NATURE MAGAZINE
LEAF - 61 OCTOBER 2026



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

പ്രകൃതിവര
Page 15

വർണ്ണച്ചിറക്
Page 16-17


Cover photo: **Gemini AI**

നമ്മൾ വരുത്തുന്ന ചെറിയ മാറ്റങ്ങൾക്ക് പ്രകൃതിയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ സാധിക്കും. നമ്മുടെ ഭൂമിയെ വരും തലമുറകൾക്കായി കൂടുതൽ മനോഹരവും സുരക്ഷിതവുമായി കാത്തുസൂക്ഷിക്കാൻ നമുക്ക് ഓരോരുത്തർക്കും ഒരുമിച്ച് ശ്രമിക്കാം.



2026 October 28

# World Sustainability Day

ഭൂമിയെ സംരക്ഷിക്കാൻ ഒരു ഓർമ്മപ്പെടുത്തൽ






# സുസ്ഥിരമാവട്ടെ ഭൂമി

Sustainability അഥവാ സുസ്ഥിരത എന്ന വാക്ക് കേട്ടിട്ടുണ്ടോ? ഇന്നത്തെ നമ്മുടെ ആവശ്യങ്ങൾ നിറവേറ്റുമ്പോൾ തന്നെ, വരും തലമുറകൾക്ക് അവരുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവങ്ങൾ ഇല്ലാതാക്കാതിരിക്കുന്നതിനെയാണ് സുസ്ഥിരത എന്ന് പറയുന്നത്. ഏറ്റവും ലളിതമായി പറഞ്ഞാൽ, നാളേക്കായി നമ്മുടെ ഭൂമിയെയും പ്രകൃതിവിഭവങ്ങളെയും കരുതിവെക്കുക എന്നതാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. പരിസ്ഥിതി സംരക്ഷണം, കാലാവസ്ഥാ വ്യതിയാനം, പ്രകൃതിവിഭവങ്ങളുടെ ശരിയായ ഉപയോഗം എന്നിവയെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനാണ് ലോക സുസ്ഥിരതാ ദിനം ആചരിക്കുന്നത്. ഈ ദിനത്തിൽ വിദ്യാർത്ഥികളായ നിങ്ങൾക്ക് ചെയ്യാൻ കഴിയുന്ന ചില ചെറിയ കാര്യങ്ങൾ ചെയ്തുകൊണ്ട് നമുക്ക് ഇത് ആഘോഷിക്കാം. പുനരുപയോഗിക്കാൻ കഴിയുന്ന കുപ്പികളും പാത്രങ്ങളും ശീലമാക്കുക, ആവശ്യമില്ലാത്തപ്പോൾ ലൈറ്റുകളും ഫാനുകളും ഓഫാക്കാൻ ശ്രമിക്കുക, മരങ്ങളും ചെടികളും നട്ടുപിടിപ്പിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുക അങ്ങനെ നീളുന്നു ചെയ്യാൻ കഴിയുന്ന നല്ല ശീലങ്ങളുടെ പട്ടിക.



# വനാശ്രിത സമൂഹങ്ങളും ആദിവാസി ജീവിതവും

കാടിനോട് ഏറ്റവും ഇടപഴകി ജീവിക്കുന്ന സമൂഹങ്ങളാണ് വനാശ്രിതസമൂഹങ്ങൾ. പ്രത്യേകിച്ച് ആദിവാസി സമൂഹങ്ങളുടെ ജീവിതം കാടുമായും പ്രകൃതിയുമായും വളരെ ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്നു. ആദിവാസി സമൂഹങ്ങളെ സംരക്ഷിക്കുന്നത് അവരുടെ ജീവിതരീതിയെയും സംസ്കാരത്തെയും മാത്രമല്ല, കാടിനെയും പ്രകൃതിയെയും സംരക്ഷിക്കുന്നതിന്റെ ഭാഗമാണ്. ഭൂമിയുടെയും വനവിഭവങ്ങളുടെയും അവകാശം നഷ്ടപ്പെടുന്നത്, വനനശീകരണം, ദാരിദ്ര്യം, തൊഴിലില്ലായ്മ, വിദ്യാഭ്യാസ– ആരോഗ്യ സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവ ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങളാണ്. റോഡ്, വൈദ്യുതി, കുടിവെള്ളം, ഗതാഗതം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവും ഇവരുടെ ജീവിതത്തെ ബാധിക്കുന്നു. വന്യജീവി ആക്രമണവും കൃഷിനാശവുമാണ് മറ്റൊരു വലിയ വെല്ലുവിളി. കൂടാതെ, ആധുനിക ജീവിതരീതിയുടെ സ്വാധീനം ആദിവാസികളുടെ പരമ്പരാഗത അറിവുകളും ഭാഷയും സംസ്കാരവും ആചാരങ്ങളും നഷ്ടപ്പെടുന്ന സാഹചര്യവുമുണ്ട്. കാലാവസ്ഥാ വ്യതിയാനവും വനവിഭവങ്ങളുടെ കുറവും അവരുടെ ഉപജീവനത്തെ കൂടുതൽ പ്രതിസന്ധിയിലാക്കുന്നു. അതിനാൽ ആദിവാസി സമൂഹങ്ങളുടെ അവകാശങ്ങളും സംസ്കാരവും സംരക്ഷിക്കുന്നതിനൊപ്പം വിദ്യാഭ്യാസം, ആരോഗ്യം, തൊഴിൽ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ഉറപ്പാക്കേണ്ടത് അനിവാര്യമാണ്.

നിഷ പി., സീഡ് കോർഡിനേറ്റർ
പുതിയങ്ങാടി ജമാ അത്ത്
ഹയർ സെക്കൻഡറി സ്കൂൾ
കണ്ണൂർ

# പച്ചപ്പ് മരിക്കുമ്പോൾ കേരളത്തിന്റെ ഹൃദയമിടിപ്പ്

മഴയുടെ ഗന്ധം, പുഴയുടെ പാട്ട്, കാറ്റിൽ ചാഞ്ചാടുന്ന തെങ്ങോലകൾ, പച്ചപ്പിന്റെ പുതപ്പണിഞ്ഞ മലനിരകൾ ഇതൊക്കെച്ചേർന്നതാണ് നമ്മുടെ കേരളം. പ്രകൃതി സ്വന്തം കയ്യൊപ്പിട്ട ഒരു മനോഹര ചിത്രം. പക്ഷെ ആ ചിത്രത്തിലെ പച്ചപ്പ് പതുക്കെ മങ്ങുകയാണ്. മരങ്ങൾ കുറയുന്നു, പുഴകൾ മാലിന്യ ഭാരം പേറുന്നു, വയലുകൾ കോൺക്രീറ്റിനടിയിൽ മറയുന്നു, കുന്നുകൾ ഇല്ലാതാകുന്നു. ഒരു മരം വെട്ടുമ്പോൾ വീഴുന്നത് ഒരു തടി മാത്രമല്ല. ഒരു പക്ഷിയുടെ കൂടും ഒരു വഴിയാത്രക്കാരന്റെ തണലും ഒരു നാളെയുടെ ശ്വാസവും കൂടിയാണ്. പുഴയിൽ വലിച്ചെറിയുന്ന പ്ലാസ്റ്റിക് കുപ്പി വെറും മാലിന്യമല്ല, നമ്മുടെ തന്നെ കൈകളിലേക്ക് തിരിച്ചെത്തുന്ന ഒരു അപകടമാണ്. പ്രകൃതി നമ്മോട് പ്രതികാരം ചെയ്യുന്നില്ല, നാം മറന്നു പോയ ഒരു സത്യം ഓർമിപ്പിക്കുകയാണ്- പ്രകൃതിയില്ലാതെ മനുഷ്യന് നിലനിൽപ്പില്ല! അത് കൊണ്ട് മാറ്റം വലിയ വാക്കുകളിൽ നിന്നല്ല, ചെറിയ പ്രവൃത്തികളിൽ നിന്നാണ് തുടങ്ങേണ്ടത്. ഒരു മരം നട്ടുപിടിപ്പിക്കാം, പുഴയെ മലിനമാക്കാതിരിക്കാം, ഒരു തുള്ളി വെള്ളം പാഴാക്കാതിരിക്കാം, പക്ഷികൾക്കായി വെള്ളം വെയ്ക്കാം. പച്ചപ്പ് മരിക്കാതിരിക്കട്ടെ, പുഴകൾ വറ്റാതിരിക്കട്ടെ, പക്ഷികളുടെ പാട്ട് നിലയ്ക്കാതിരിക്കട്ടെ, കേരളത്തിന്റെ ഹൃദയമിടിപ്പ് ഇനിയും തലമുറകളോളം കേൾക്കട്ടെ.

രമ്യ ടി.
സീഡ് കോർഡിനേറ്റർ
എ.യു.പി. സ്കൂൾ മുള്ളേരിയ
കാസർകോട്



# കുളക്കൊക്ക്

കുളങ്ങൾ, നെൽപ്പാടങ്ങൾ, തോടുകൾ, കായലുകൾ തുടങ്ങി ജലാശയങ്ങളുടെ സമീപത്ത് സാധാരണയായി കാണപ്പെടുന്ന പക്ഷിയാണ് കുളക്കൊക്ക്. Ardeola grayii എന്നാണ് ശാസ്ത്രീയ നാമം. തവിട്ടുനിറത്തിലുള്ള ശരീരവും പറക്കുമ്പോൾ കാണുന്ന വെളുത്ത ചിറകുകളുമാണ് പ്രത്യേകത. ചെറിയ മീനുകൾ, തവളകൾ, പ്രാണികൾ, മറ്റു ചെറുജലജീവികൾ എന്നിവയാണ് പ്രധാന ആഹാരം. കേരളത്തിലെ തണ്ണീർത്തട ആവാസവ്യവസ്ഥയിലെ പ്രധാന പക്ഷികളിലൊന്നാണിത്.

ലക്ഷ്മി പ്രിയ പി.കെ.
ബി.ഇ.എം.യു.പി.സ്കൂൾ
കൊയിലാണ്ടി

ഈ ഫോട്ടോ കാണാം

## മുത്തശ്ശിമരം
## തുഷാരഗിരി,കോഴിക്കോട്



മാതൃഭൂമി ആകാശപ്പച്ച
2026 ഒക്ടോബർ

ശ്രീഹരി ടി.,
എം.ഡി.പി.എസ്.യു.പി സ്കൂൾ ഏഴൂർ
മലപ്പുറം



# കൂട്ടുകൃഷി ട്രിക്ക്



& തക്കാളിയുടെ കൂടെ തുളസി നട്ടാൽ കീടങ്ങൾ വരില്ല.

& ചോളത്തിന്റെ കൂടെ പയർ വർഗ്ഗങ്ങൾ നട്ടാൽ കീടശല്യം കുറയും; മണ്ണിൽ നൈട്രജൻ കൂടും. ഇതാണ് കമ്പാനിയൻ പ്ലാന്റിങ്. ചോളത്തിന്റെ തണ്ട് പയറിന് താങ്ങായി മാറും.



& ഒരു ചെറിയ പ്ലാസ്റ്റിക് കുപ്പിയിൽ വെള്ളം ഒഴിച്ച് ദ്വാരമിട്ട് ചെടിയുടെ ചുവട്ടിൽ വച്ചാൽ രണ്ടുദിവസം വരെ പതിയെ നനഞ്ഞു കൊണ്ടിരിക്കും.

& നെല്ല് വിളവെടുത്തതിനു ശേഷം പയർ വർഗ്ഗങ്ങൾ നട്ടാൽ അടുത്ത കൃഷിക്ക് മുൻപ് മണ്ണ് നൈട്രജൻ സമ്പുഷ്ടമാകും.



& പഴത്തൊലി മൂന്നുദിവസം വെള്ളത്തിൽ ഇട്ടു വച്ച് ആ വെള്ളം ചെടിക്ക് ഒഴിച്ചാൽ പൊട്ടാസ്യം കൂടുതൽ കിട്ടും പൂവിടാൻ സൂപ്പർ ആണ്.

& പച്ചക്കറികളുടെ ഇടയിൽ മല്ലികപ്പൂ നട്ടാൽ കീടബാധ കുറയും. ക്യാരറ്റിന്റെ ഒപ്പം ഉള്ളിയും വെളുത്തുള്ളിയും നടാം. ക്യാരറ്റിനെ നശിപ്പിക്കുന്ന കീടങ്ങളെ ഓടിക്കും.









മാതൃഭൂമി ആകാശപ്പച്ച
2026 ഒക്ടോബർ

ദിയാലക്ഷ്മി
ജി.യു.പി.എസ്. പെരിഞ്ഞനം
തൃശ്ശൂർ

# തീരവും സൂര്യനും

"തീരമേ.. തീരമേ..
നീറുമലകടലാഴമേ
ദൂരമേ ഹൃദയദ്വീപിലുദിച്ച
ശോണ രൂപമെൻ സൂര്യനേ..
തീക്ഷ്ണമായ് പുൽക
കിരണകരങ്ങളാൽ
ഇവളെ നീ.. ആകാശമേ..."

ആത്മബന്ധവും സ്നേഹവും വിരഹവും പ്രതീക്ഷയും ഈ ഗാനത്തിൽ മനോഹരമായി ആവിഷ്കരിക്കുന്നു. കടൽ, തിരമാല, സൂര്യൻ തുടങ്ങിയ പ്രകൃതിബിംബങ്ങളിലൂടെയാണ് മനുഷ്യന്റെ വികാരങ്ങളെ അവതരിപ്പിക്കുന്നത്. ഗാനത്തിന്റെ പശ്ചാത്തലത്തിൽ കടലിനും തീരത്തിനും പ്രധാന സ്ഥാനമുണ്ട്. വികാരങ്ങളുമായി പ്രകൃതിദൃശ്യങ്ങൾ മനോഹരമായി ഇഴചേരുന്നു. പ്രകൃതിയും സ്നേഹവും ഓർമ്മകളും ജീവിതാനുഭവങ്ങളും ഇഴചേർന്ന ഒരു വൈകാരിക ഗാനമാണിത്. 'മാലിക്' എന്ന മലയാള ചലച്ചിത്രത്തിലേതാണ് ഈ ഗാനം.

ബിമൽ കെ., അധ്യാപകൻ
ഗാന്ധി സ്മാരക യു.പി.സ്കൂൾ മംഗലം,
പാലക്കാട്



ഇത്
അതിശയം
തന്നെ

# കോഴിമുട്ടയുടെ ഭാരമുള്ള കുരങ്ങൻ!

തെക്കേ അമേരിക്കയിലെ ആമസോൺ മഴക്കാടുകളിലാണ് പിഗ്മി മങ്കി (Pygmy Marmoset) എന്ന ഈ അതിശയിപ്പിക്കുന്ന കുരങ്ങ് ജീവിക്കുന്നത്. ലോകത്തിലെ ഏറ്റവും ചെറിയ കുരങ്ങുകളിലൊന്നാണ് ഇത്. ഏകദേശം 12 സെന്റീമീറ്റർ മാത്രമേ നീളമുള്ളൂ. ഭാരമാവട്ടെ 100 ഗ്രാമോളവും. ചെറിയ ശരീരവും വലിയ കണ്ണുകളും ഇതിന്റെ പ്രത്യേകതകളാണ്. മരങ്ങളിലെ ഉയർന്ന ഭാഗങ്ങളിൽ താമസിച്ച് കൂട്ടമായി ജീവിക്കുന്ന ഇവയെ മനുഷ്യർക്ക് അത്രയെളുപ്പം കണ്ടെത്താനാവില്ല. ഇവ എണ്ണത്തിൽ വളരെ കുറവാണ്. വനനശീകരണം ഇവയുടെ എണ്ണം കുറയുന്നതിന് വലിയ കാരണമാവുന്നുണ്ട്.

അബീഗ ശലോമോൻ
സെന്റ്. അഗസ്റ്റിൻസ് ഗേൾസ്
ഹയർ സെക്കൻഡറി സ്കൂൾ
മൂവാറ്റുപുഴ, എറണാകുളം

തെറ്റ് ശരി



# തൊട്ടാൽ ഉറങ്ങുന്ന ചെടി

തൊട്ടാവാടിച്ചെടിയെ തൊടുമ്പോൾ അത് നാണം കൊണ്ട് ഉറങ്ങുന്നു എന്ന് തോന്നിയിട്ടുണ്ടോ? ശാസ്ത്രീയമായി പറഞ്ഞാൽ തൊട്ടാവാടിച്ചെടിയെ തൊടുമ്പോൾ അതിന് നാണം വരുകയല്ല, മറിച്ച് നമ്മൾ തൊടുമ്പോൾ ഉണ്ടാകുന്ന പ്രകമ്പനം കാരണം ഇലത്തണ്ടുകളിൽ നിന്ന് വെള്ളവും പൊട്ടാസ്യം അയോണുകളും ചെടിയിലേക്ക് ഒഴുകുന്നതാണ് സംഭവിക്കുന്നത്. ഇതിന്റെ ഫലമായി ഇലകളിലെ മർദ്ദം കുറയുകയും ചുരുങ്ങുകയും ചെയ്യുന്നു. അങ്ങനെയാണ് ഇലകൾ അടഞ്ഞു പോകുന്നത്. കുറച്ചു സമയം കഴിയുമ്പോൾ വെള്ളം തിരികെ കോശങ്ങളിലേക്ക് എത്തുന്നതോടെ ഇലകൾ പൂർവസ്ഥിതി പ്രാപിക്കുന്നു. ഇലകൾ തിന്നുതീർക്കുന്ന ജീവികളിൽ നിന്നും രക്ഷപ്പെടാൻ കാണിക്കുന്ന ഒരു പ്രതിരോധ തന്ത്രമാണിത്.

സജിന ടി.എം.
സീഡ് ടീച്ചർ കോഓർഡിനേറ്റർ
ജി.യു.പി.എസ്.കിളിരൂർ, കോട്ടയം





# നേരിടണം വെല്ലുവിളികൾ

ആഗോളതാപനം മൂലം രൂക്ഷമാകുന്ന കാലാവസ്ഥാവ്യതിയാനമാണ് ഇന്ന് ലോകം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട പാരിസ്ഥിതിക വെല്ലുവിളി. ഭൂമിയിലെ താപനില ക്രമാതീതമായി ഉയർന്ന് പ്രകൃതി ദുരന്തങ്ങൾ, വെള്ളപ്പൊക്കം, വരൾച്ച, ഹിമാനികളുടെ ഉരുകൽ എന്നിവയ്ക്ക് കാരണമാകുന്നു. മലിനീകരണവും മാലിന്യപ്രശ്നവും മറ്റൊരു വെല്ലുവിളിയാണ്. വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണവും മൈക്രോപ്ലാസ്റ്റിക്കുകളുടെ വ്യാപനവും ഇതിന്റെ പ്രത്യാഘാതങ്ങളാണ്. പാരിസ്ഥിതിക പ്രശ്നങ്ങളായ വനനശീകരണവും ജൈവവൈവിധ്യനഷ്ടവും ആവാസ വ്യവസ്ഥകളുടെ തകർച്ച സംഭവിക്കുന്നതിന് കാരണമാകുന്നു. കുടിവെള്ളക്ഷാമവും ലോകം അടിയന്തരമായി ശ്രദ്ധിക്കേണ്ട ഗുരുതര വെല്ലുവിളിയാണ്. വരും തലമുറയ്ക്കായി ഭൂമിയെ സംരക്ഷിക്കാൻ വേണ്ടി, ഫോസിൽ ഇന്ധനങ്ങളുടെ ഉപയോഗം കുറയ്ക്കുകയും പുനരുപയോഗ ഊർജസ്രോതസ്സുകളിലേയ്ക്ക് മാറുകയും വനവൽക്കരണം പ്രോത്സാഹിപ്പിക്കുകയും ഒക്കെ അടിയന്തരമായി നടപ്പിലാക്കണം. പരിസ്ഥിതിസംരക്ഷണം കടമ മാത്രമല്ല, വരും തലമുറയ്ക്ക് വേണ്ടിയുള്ള നമ്മുടെ ഉത്തരവാദിത്വവുമാണ്.

ആർ. ബിന്ദു
ഗവ. മോഡൽ യു.പി.എസ്.
കൈക്കോട്ടുമൂല, കൊല്ലം

പൂവറിവ്



# എരുക്കിൻ പൂവ്

ഇളം വയലറ്റ്, വെള്ള നിറത്തിൽ അഞ്ച് ഇതളുകളുള്ള നക്ഷത്രം പോലെ കാണപ്പെടുന്ന പൂവാണ് എരുക്കിൻ പൂവ്. മാല കെട്ടാനും ഇത് ഉപയോഗിക്കാറുണ്ട്. ഇതിന്റെ പൂവ് ഉണക്കിപ്പൊടിച്ച് കഴിച്ചാൽ ജലദോഷവും ചൂടും മാറുമെന്ന് ആയുർവേദത്തിൽ പറയുന്നു. ഇതിന്റെ കറ വിഷമാണ്. കുട്ടികൾ പൂവ് നുള്ളുമ്പോൾ ഇതിന്റെ കറ കണ്ണിൽ വീണാൽ കണ്ണിന് പ്രശ്നങ്ങൾ ഉണ്ടാകാം. അതിനാൽ എരുക്ക് കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കണം. ഈ പൂവിൽ ധാരാളം തേൻ ഉള്ളതിനാൽ ചിത്രശലഭങ്ങളും തേനീച്ചകളും ഈ പൂവ് തേടി എത്താറുണ്ട്. മഴക്കാലത്തും വെള്ളമില്ലാത്ത സമയങ്ങളിലും വളരാൻ കഴിവുള്ള ചെടിയാണിത്. ഇതിന്റെ കായ ഉണങ്ങി 'അപ്പൂപ്പൻ താടി 'യായി പറക്കും.

ഗിൽറ്റ ജോസഫ്
സെന്റ് മേരീസ് എൽ.പി.എസ്. കാളിയാർ
ഇടുക്കി

പ്രകൃതിവര

# സുസ്ഥിര സമൃദ്ധി





ഋതുനന്ദ ആർ.
ജി.യു.പി.എസ്. പൂഴിക്കാട്
പത്തനംതിട്ട

വർണച്ചിറക്

കവിത

# പ്രകൃതി



പുഴയും കുളവും മണ്ണിട്ട് മൂടി,
മരമെല്ലാം വെട്ടി വെടിപ്പാക്കി,
തണൽ മാറി, മഴ മാറി,
എല്ലാം പാടെ മാറി!

പുക തുപ്പും വണ്ടികൾ,
മാലിന്യകൂമ്പാരം, കുന്നിടിക്കൽ,
പ്രകൃതിയെ തകർത്തു നാം,
ഇനിയിതു തുടരാനാവില്ല!

പ്രകൃതി അമ്മയുടെ നാളേക്കുവേണ്ടി
നാമെല്ലാം ഒന്ന് ചേർന്നിടേണം
പ്രകൃതിയാം അമ്മയെ സ്നേഹിച്ച്
നല്ലൊരു നാളെയെ സ്വപ്നം കാണണം!

നിവേദിക എൽ.എ.,
ഗവ.എൽ.പി.എസ്. ആര്യനാട്,
തിരുവനന്തപുരം

വർണച്ചിറക് | കഥ

# മഴക്കാഴ്ച



ഒരിടത്ത് ഒരു ഗ്രാമത്തിൽ ദയ എന്ന പെൺകുട്ടി ഉണ്ടായിരുന്നു. അവൾക്ക് പക്ഷികളേയും ചിത്രശലഭങ്ങളെയും വളരെ ഇഷ്ടമായിരുന്നു. ഒരുദിവസം അവൾ പൂന്തോട്ടം നനച്ചു കൊണ്ടിരുന്നപ്പോൾ വർണച്ചിറകുള്ള ഒരു ചിത്രശലഭം പൂന്തോട്ടത്തിൽ തേൻ കുടിക്കാൻ വന്നു. പെട്ടെന്ന് കാർമേഘങ്ങൾ വന്നു, ഒരു മഴ പെയ്തു. മരങ്ങൾ ഒരുമിച്ചു മഴത്താളത്തിനൊപ്പം ആടിയുലഞ്ഞു. എന്നാൽ മഴ തീർന്നപ്പോൾ സൂര്യൻ കാർമേഘങ്ങളിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. പക്ഷികൾ ചിറകുകുലുക്കി വീടിന്റെ മുറ്റത്തു വന്നു. പച്ച വിടർന്നു. പുല്ല്, പൂക്കൾ എല്ലാം മുൻപത്തേക്കാൾ മനോഹരമായി. പൂക്കളുടെ മണം പരന്നു. ചിത്രശലഭം അവളുടെ പൂക്കളിൽ വന്നു തേൻ കുടിച്ചു. മണ്ണിന്റെ മണം പരന്നു തുടങ്ങിയിരുന്നു. മഴത്തുള്ളികൾ ചെടികളിൽ നിന്ന് താഴേക്ക് ഇറ്റിറ്റ് വീണു. തണുപ്പും കുളിരും നിറഞ്ഞ പ്രദേശത്ത് ഒരു ചെറിയ ചൂട് അനുഭവപ്പെട്ടു. വൈകുന്നേരം ആകാൻ തുടങ്ങിയപ്പോൾ മിന്നാമിന്നികൾ മരങ്ങളിൽ അലങ്കാരങ്ങളായി തിളങ്ങി. ഇതെല്ലാം കണ്ട് അവൾ സ്വപ്നങ്ങളുടെ വർണച്ചിറകുമായി ഉറക്കത്തിലേക്കു വഴുതി വീണു!

ശ്രീലക്ഷ്മി സോജൻ
എസ്.ഡി.വി.ജി.യു.പി. എസ്. നീർക്കുന്നം
ആലപ്പുഴ

Mathrubhumi Seed
Student Empowerment for Environmental Development

In Partnership with
Federal Bank
Hormis Memorial Foundation

# മാതൃഭൂമി ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള
രചനകളും നിർദേശങ്ങളും
akashapacha@mpp.co.in
എന്ന വിലാസത്തിലേക്ക്
അയക്കാം
വിശദവിവരങ്ങൾക്ക്
സീഡ് ജില്ലാ കോ-
ഓഡിനേറ്റർമാരോട്
സംസാരിക്കാം.



നമ്മുടെ ഭൂമി
നേരിടുന്ന ഏറ്റവും വലിയ
ഭീഷണി,
മറ്റാരെങ്കിലും അതിനെ
രക്ഷിച്ചുകൊള്ളും
എന്ന വിശ്വാസമാണ്!

Published by Mathrubhumi Seed